2222.                Code: No-131.

Jan-9

# വിചാരണ....

പച്ചപ്പടർപ്പിൽ തളം കെട്ടിനിൽക്കുന്ന ചോരകറുപ്പിലേക്ക് നോക്കിയവൾ അസ്വസ്ഥയായ് നിന്നു. മേച്ചിന് തന്നെ മാടിവിളിക്കാറുണ്ടായിരുന്ന ദേശാടനക്കാരായ വെള്ളപശുക്കൂട്ടങ്ങളുടെയെല്ലാം തടിച്ച ശരീരങ്ങളിൽ തലകീഴായ് തൂങ്ങിക്കിടക്കുന്നപോലെയൊരു നിഴൽ. ആ നിഴൽ ചിരിക്കുകയായിരുന്നോ ? അല്ല അവയിൽ പ്രതിഫലിച്ചത് മറ്റേതോ ഭാവമാണ്. അത് തിരിച്ചറിയാനുള്ള മൂള 'മനുഷ്യനെന്ന' ഈ അതിബുദ്ധിമാനുണ്ടായിരുന്നേൽ...' അവളത്രയും മാത്രം ഓർത്ത് ഒന്ന് ചിരിക്കുകമാത്രം ചെയ്തു. 'ബഹിരാകാശയാത്രികരെ പോലുള്ള കുറേ രൂപങ്ങൾ' മൂന്ന്-നാല് ദിവസങ്ങളായ് അന്നാട്ടിലെ ഒരു സ്ഥിരം കാഴ്ച്ചയാണ്. ആദ്യം കണ്ടപ്പോൾ അവൾക്ക് ചിരിക്കാൻ തോന്നി, എന്നാൽ ഇന്നവർ ചിരി മറന്നെന്നപോലെ. അവളുടെ മനസ്സിലിപ്പഴും രാധേച്ചിടെ മുഖമാണ് മാസം ഒന്ന് തികഞ്ഞിട്ടുണ്ടായിരുന്നില്ല രാധേച്ചീം, ഭർത്താവും, ഒന്നിലും, നാലിലും പഠിക്കുന്ന മക്കളും

തന്റെ അയൽക്കാരായിട്ട്. പകലെയെങ്കിലും, പത്തു കൊല്ലത്തിന്റെ അടുപ്പം ആയിക്കഴിഞ്ഞിരുന്നു. ആ രണ്ടു കുട്ടികളുടേയും, മായം കലരാത്ത കരച്ചിൽ, ഹൃദയം തുളച്ച് പൊന്തി ആവിയായ് നീരു പൊഴിക്കുന്നു, കാതിൽ അവ നിറഞ്ഞു തങ്ങി, പുറത്ത് പോകാതെ, ഇടികൂടുന്നു.

"അവനെന്നും രാത്രീടെ രാത്രീല് പറന്ന് വരും, എനിക്ക് ഒരു 'സിഗ്നല്' തരും, നിന്റെ മുത്തിപോലും അറിയാതെ ഞാന് താഴ് തുറന്ന് പതുക്കെ, പതുക്കെ, അമ്പിളിഅമ്മാ-വനില് വരെ വേര് പടർത്തി നിൽക്കുന്ന പേരമരത്തി-ന്റടുക്കെ ചെല്ലും, വൈകിയാ, ഇത്തിരിനേരം ശബ്ദമുണ്ടാക്കി, അച്ചാലും, മുച്ചാലും പറന്ന് എന്നെ കളിപിടിപ്പിക്കും, ശേഷം തഴമ്പു പൊതിഞ്ഞ നഖം കൊണ്ടൊരു 'പേരക്ക' എനിക്ക് താഴെയിട്ടു തരും. കള്ളൻ) അതിന് മുമ്പേ അവൻ ഒന്ന്-ര-ണ്ടെണ്ണും തിന്ന് പാതിയാക്കി തറേലിട്ടിട്ടുണ്ടാകും എന്നിട്ട് കൂട്ടുകാരുടെ വിശേഷങ്ങൾ ചോദിച്ചും

JM-S

പറഞ്ഞും . നാളെ കാണാമെന്ന് പറഞ്ഞ് ഞങ്ങള് പിരിയും.

“ഇനി പോമ്പം എന്നേം കൊണ്ട്വോണം”

വെള്ളിനാരുകൾ പൊന്തിയ ആ മണ്ണു മണക്കുന്ന മാറിൽ ചിണുങ്ങി കിടന്നവൾ പറയും.

“ന്റെ ചങ്കിനി കേൾക്കുമോന്നറിയില്ല, നാളും..., എന്റെ കൊച്ചുമോളാന്ന് ഞാനൊന്ന് പറഞ്ഞു നോക്കട്ടെ അവനോട്” അവളെല്ലാം വിശ്വസിച്ചു. ഈ പൊയ്‌ലോകത്ത്, പൊയ്യല്ലാത്ത ഒരു സത്യമായ്, തന്റെ മുത്തച്ഛന്റേയും, വല്യാലിന്റേയും, സൗഹൃദം അവളിലിന്നുമെന്നും ഒന്നായ് നിന്നു—: “ഇനി പോമ്പം എന്നേം കൊണ്ട്വോണം”

പഴമമണക്കുന്ന ഓർമ്മകൾ അവളെ കൈവിട്ടു, തിരിച്ചിവിടെ തന്നെ കൊണ്ടാക്കിട്ട് പോയി. 'തന്നേക്കൂടെ കോണ്ടുപോ' എന്നവൾ എത്രവട്ടം പറഞ്ഞു, അവൾ പോലുമറിയാതെ, അവൾപോലും കേൾക്കാതെ..

പറഞ്ഞും , നാളെ കാണാമെന്ന് പറഞ്ഞ് ഞങ്ങള് പിരിയും.

"ഇനി പോമ്പം എന്നേം കൊണ്ട്യോണം"

വെള്ളിനാരുകൾ പൊന്തിയ ആ മണ്ണു മണക്കുന്ന മാറിൽ ചിണുങ്ങി കിടന്നവൾ പറയും.

"ന്റെ ചങ്ങായി കേൾക്കുമോന്നറിയില്ല, നാലും.. , എന്റെ കൊച്ചുമോളാന്ന് ഞാനൊന്ന് പറഞ്ഞു നോക്കട്ടെ അവനോട്" അവളെല്ലാം വിശ്വസിച്ചു. ഈ പൊയ്‌ലോകത്ത്, പൊയ്യല്ലാത്ത ഒരു സത്യമായ്, തന്റെ മുത്തച്ഛന്റേയും, വല്യാലിന്റേയും, സൗഹൃദം അവളിലിന്നുമെന്നും ഒന്നായ് നിന്നു-: "ഇനി പോമ്പം എന്നേം കൊണ്ട്യോണം"

പഴമ മണക്കുന്ന ഓർമ്മകൾ അവളെ കൈവിട്ടു, തിരിച്ചവിടെ തന്നെ കൊണ്ടാക്കിട്ട് ചേയി. തന്നേക്കൂടെ കോണ്ടുപോ' എന്നവൾ എത്രവട്ടം പറഞ്ഞു, അവൾ പോലുമറിയാതെ, അവൾപോലും കേൾക്കാതെ..

ജനൽകമ്പിയിൽ, എവിടെനിന്നോ ഓടിക്കിതച്ച് വന്നതെന്നോണം തൂങ്ങിപിടിച്ച് കിടക്കുന്ന വെള്ളത്തുള്ളിക്ക് തന്നോടെന്തോ പറയാനുണ്ടെന്നവൾക്ക് തോന്നി. എന്നാൽ അതിൽ ചോരപടർന്നു താഴെവീണു, ചത്തു!

തന്റെ കൈയ്യിൽ ഒതുക്കി വച്ച മുത്തച്ഛന്റെ ക്ലാവ് പടർന്ന ഫോട്ടോ നോക്കി അവൾ പറഞ്ഞു.. "കൂട്ടുകാരൻ നേരത്തെ പറഞ്ഞിരുന്നല്ലേ, ഇഞ്ഞൊരു അണുവുമായ് വരുന്നുണ്ടെന്ന്, അതുകൊണ്ട് എനിക്ക് നിന്നെ കൊല്ലാൻ വയ്യ, നീയങ്ങ് ദൂരെ പൊക്കോണ്!, എന്നോടെന്തേ പറയാത്തെ, ഞാനിങ്ങനെ ചത്ത് ജീവിക്കുവർന്നോ?, രാധേച്ചിയോടെന്തേ പറയാത്തെ, മുസ്തഫയോടെന്തേ പറയാത്തെ..?" അക്ഷമമായ ആ ചോദ്യത്തിന് തിരിച്ചൊരു മറുപടിയെന്നോണം എല്ലാ ദിക്കുകളും ഒരുപോലെ മന്ത്രിച്ചു. "ആരും എന്തേ അവനെ മറന്നത്, മാത്രമല്ല ഇന്നവന് വന്നിരിക്കാൻ, പറയാൻ പേരയ്ക്കാമരമില്ലല്ലോ...."

ശരിയാണ്, താനിത്രെയും നാൾ ഇരുട്ടിൽ കാത്തുനിന്നത്, തലപോയ് ചോരയൊലിപ്പിച്ച് നിന്ന ശരീരത്തിനരികിലാണ്. എന്നാൽ തന്റെ പാദങ്ങൾ,

അതിനടിയിൽ ചെറുതിരികൾ തുടിക്കുന്നതായ്
അവൾക്ക് തോന്നിയിരുന്നു. എന്നാൽ പിറ്റേന്നതിൽ
അനക്കമില്ലായിരുന്നു. 'ദൈവമെ..' ഞാൻ
കൊന്നോ ? ഇലയടുക്കുകൾക്കിടയിലൂടനങ്ങി
മണ്ണിൽ മുങ്ങി, പൊങ്ങിവരാൻ കാത്തുകിടന്ന
ഭ്രൂണം എന്റെ പാദങ്ങളാൽ ശ്വാസം മുട്ടി
ചത്തു. 'പകയാണോ ? ദേവിയേ... ഞാൻ,
അറിയാതെ..' ഇത്രയും നേരം തന്നെ ~~നടക്കികിട-~~
~~ന്ന~~ ~~രോമ~~ നടവികിടന്ന രോമങ്ങൾ, ചോദ്യചിഹ്നം
പോലെ എഴുന്നേറ്റു നിൽക്കുന്നതായ് അവൾക്ക്
തോന്നി. ദിവസങ്ങളായ് അനാഥമായ് കിടക്കുന്ന
റിമോട്ടവൾ എടുത്തു, ടി.വി വച്ചു, വാർത്തകളി-
ലെല്ലാം പേടിപ്പെടുത്തി തിളങ്ങുന്ന ~~ര~~ രണ്ടക്ഷ-
രങ്ങൾ 'നിപ'. ദയനീയതയുടെ മൂടുപടമിട്ടു പറന്നു
പോകുന്ന വവ്വാലുകളുടെ ഝരമ്പൽ, ലാബുകൾ,
സിറിഞ്ചുകൾ, നിരപരാധിയുടെ വിചാരണ.....
എന്താകും വിധി? അപരാധിയായ് മുദ്രകുത്തപ്പെട്ട
അവന്റെ പിറകെ, ക്യാമറക്കണ്ണുകൾ വട്ടമിട്ടുപറ-
ക്കുന്നു. ഒളിവിലായിരുന്ന 'ബിൻ ലാദൻ'
മറനീക്കി പുറത്തുവന്ന ആക്രാന്തവും, ആവേശ-
വുമാണ് ചാനലുകാർക്കും, പത്രങ്ങൾക്കും.

തയ്യാറെടുപ്പുകൾ ഏതാണ്ടവസാനി-
ച്ചു. അമ്മയ്ക്കാണ് തിടുക്കം. ചിന്തകൾക്കിടയിൽ
നൂറു കടന്ന അമ്മയുടെ വിളി അവൾ കേട്ടു-
വോ, അതോ, കേൾക്കാത്തതായ് ഭാവിച്ചതോ.
കളിതുള്ളിവന്ന് അമ്മയാണ് ടി.വി. അണച്ചത്.
അവിടെയും പടർന്ന ഇരുട്ട്. നിറമുള്ള ചിത്രങ്ങ-
ളും, സംവാദങ്ങളും ഉറക്കമായെങ്കിലും,
മോളിന് വിളിക്കാറുണ്ടായിരുന്ന കൊഴുത്ത
പശുകൂട്ടങ്ങളിൽ പതിഞ്ഞ ചിറകുനിർത്തിയ
കറുത്ത നിഴൽ ആ കണ്ണാടിയിലും
ഒട്ടിപിടിച്ചിരിക്കുന്നു. തന്നെ പിടിച്ചുവലിച്ച
കൈകളെ ഈർഷ്യത്തോടെയാണവൾ നോക്കി-
യത്. അവളുടെ കണ്ണുകൾ ടി.വി കണ്ണാടിയിലെ നിഴലിലുറച്ചിരുന്നു.

പോകാൻ തോന്നുന്നില്ല, കൈയ്യിലടക്കി
പിടിച്ച മുത്തച്ഛന്റെ ചിത്രം നെഞ്ചോടവൾ ചേർത്തു.
രാധേച്ചിടെ മക്കളെ ഒന്നു കാണണമെന്നവൾക്കു-
ണ്ടായിരുന്നു. രാത്രിയിൽ വാശിപിടിച്ച് കരഞ്ഞപ്പോൾ
അമ്പിളി അമ്മാവനെ കാട്ടി വാത്സല്യമൂട്ടിയ
കൈകൾ, നാളെയില്ലെന്നാഭാവങ്ങൾ അറിഞ്ഞ്
കാണുമോ? ഒരുനോക്കുപോലും തരാതെ മറഞ്ഞ
അമ്മയോട് അവൾ പിണക്കമായിരിക്കും

തന്റെ ആഗ്രഹം ആരോട് പറയാൻ.

അമ്മയ്ക്കിഷ്ടം ആലപ്പുഴയിലെത്തണം. അമ്മേടെ വീടാണവിടെ. പിന്നെ 'നിപ'യെ പേടിക്കണ്ടല്ലോ അതിനുള്ള തിടുക്കമായിരുന്നു ഇതെല്ലാം. എസി പിടിച്ചു പടർന്ന കാർഗ്ലാസിനിടയിലൂടെയവൾ വെളിയിലേക്ക് നോക്കി, ഇപ്പോഴാ കൂട്ടങ്ങൾ മുകളിലില്ല. മൊബൈൽ ഫോണിലെന്തോ ഒരു വാർത്ത കണ്ടമ്മ പറഞ്ഞു... 'അല്ല പിന്നെ, ശരിയാണ് ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെട-രുത്'. അവൾ അമ്മയോട് ചോദിച്ചു: 'അമ്മെ, ഈ നിയമം മനുഷ്യന് മാത്രേ ഉള്ളോ, അതോ എല്ലാർക്കുമുണ്ടോ?'. കേൾക്കാത്തമട്ടിൽ അമ്മ മുറുമുറുത്തു 'ഇനിയൊന്ന് കണ്ണടയ്ക്ക-ട്ടെ!' അവൾ പുച്ഛത്തോടെ ചിരിച്ചു, തന്റെ കവിതാപുസ്തകം മാറോട് ചേർത്തു, മുത്തച്ഛന്റെ ഫോട്ടോയും, ആ മനം പാടി...

'കണ്ണടയ്ക്കാൻ വരട്ടെ,
വരണുണ്ട് എന്തോ പിറകെ..
നഷ്ടങ്ങളുണ്ടതിന്, നനവുണ്ട്....
അവിടുന്ന് ഇതുപോലൊരു മുങ്ങൽ
അതോ അതികഠിനം....?'

അപ്പോൾ മഴ ചാറിതുടങ്ങിയിരുന്നു......
അടുത്ത വിചാരണയുടെ തുടക്കമായി...